# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം -695033

നമ്പർ-ബി1/33870/2020/സം.തി.ക

തീയതി: 14.12.2020

വിഷയം: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- പൊതുതിരഞ്ഞെടുപ്പ് 2020 വോട്ടെണ്ണലുമായി ബന്ധപ്പെട്ട അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: കമ്മീഷന്റെ 06.12.2020, 13.12.2020 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

## സർക്കുലർ

വോട്ടെണ്ണലുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് പുറമെ ചുവടെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. കോവിഡ് പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പേറേഷൻ എന്നിവ സംബന്ധിച്ച് സ്ഥാനാർത്ഥികൾക്ക് അവരുടെ തിരഞ്ഞെടുപ്പ് ഏജന്റിന് പുറമെ ഒരു കൗണ്ടിംഗ് ഏജന്റിനെ മാത്രം വോട്ടെണ്ണലിന് ചുമതലപ്പെടുത്താവുന്നതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥികളെ സംബന്ധിച്ച് അവരുടെ തിരഞ്ഞെടുപ്പ് ഏജന്റിന് പുറമേ അവർ മത്സരിക്കുന്ന വാർഡുകൾ ഉൾപ്പെട്ടുവരുന്ന ഓരോ ഗ്രാമപഞ്ചായത്തിനും ഒരാൾ വീതം എന്ന നിലയിൽ കൗണ്ടിംഗ് ഏജന്റുമാരെ ചുമതലപ്പെടുത്താവുന്നതാണ്.
2. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും പോസ്റ്റൽ ബാലറ്റുകൾ എണ്ണുന്ന ഹാളിലേക്ക് ടേബിളുകളുടെ എണ്ണം കണക്കാക്കി സ്ഥാനാർത്ഥികൾക്ക് കൗണ്ടിംഗ് ഏജന്റുമാരെ നിയോഗിക്കുന്നതിനുള്ള അനുമതി വരണാധികാരിക്ക് നൽകാവുന്നതാണ്.
3. സാധാരണ പോസ്റ്റൽ ബാലറ്റിനും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിനുമൊപ്പം വോട്ടർമാർ സമർപ്പിക്കുന്ന ഫാറം 16 ലെ സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുന്ന ഓഫീസറുടെ ഒപ്പം പേരും മേൽ വിലാസവും ചേർത്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ സീലോ ഓഫീസ് സീലോ ഇല്ലായെന്ന കാരണത്താൽ ആ ബാലറ്റ് തള്ളിക്കളയാൻ പാടില്ലാത്തതാണ്.
4. ഫാറം 19/ ഫാറം 19 ഇ ലെ വലിയ കവറിനുപുറത്ത് അയക്കുന്ന ആളിന്റെ ഒപ്പ് ഇല്ലായെന്ന കാരണത്താലും പോസ്റ്റൽ ബാലറ്റ് തള്ളിക്കളയാൻ പാടില്ലാത്തതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്

എല്ലാ നോഡൽ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ, പി.ആർ.ഒ
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : **0471-2325048 (Administration), 2337884 (Election)**
**e-mail:cru.sec@kerala.gov.in, electionker@gmail.com**
**website:www.sec.kerala.gov.in**